**പതിനാലാം കേരള നിയമസഭ**
**(രണ്ടാം സമ്മേളനം)**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6061** **04/11/2016-ൽ മറുപടിയ്ക്ക്**

**മത്സ്യമേഖലാ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കാൻ നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം. വിൻസെന്റ്** | | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): | |
| എ) | കേരളത്തിലെ മത്സ്യമേഖലാ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കാൻ കഴിഞ്ഞ 2 വർഷത്തെ കുടിശ്ശിക തുക 15 കോടി രൂപയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തുക അടിയന്തരമായി വിദ്യാർത്ഥികൾക്ക് അനുവദിക്കുമോ; ആയതിന് നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; ലംപ്സം ഗ്രാന്റ് കുടിശ്ശിക വരുത്തുന്നതുമൂലം വിദ്യാർത്ഥികൾക്ക് ടി.സി.യും, മാർക്ക് ലിസ്റ്റും ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. മുൻ വർഷങ്ങളിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നതിന് ആവശ്യമായ തുക ബഡ്ജറ്റിൽ ലഭിക്കാതിരുന്നതിനാൽ വിദ്യാഭ്യാസ ആനുകൂല്യം യഥാസമയം അനുവദിക്കുന്നതിന് കഴിഞ്ഞിട്ടില്ല. ഈ വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക 2015-16 വർഷം വരെയുളള കുടിശ്ശിക പൂർണ്ണമായും തീർക്കുന്നതിന് വേണ്ടി വിവിധ ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തേയ്ക്ക് ആവശ്യമായി വരുന്ന ഏകദേശം 15 കോടി രൂപ ഉപധനാഭ്യർത്ഥന വഴി കണ്ടെത്തുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ തുക ലഭ്യമായില്ല. മേൽ സാഹചര്യത്തിൽ 15 കോടി രൂപ അഡീഷണൽ ഓതറൈസേഷൻ വഴി നൽകുന്നതിനുളള നടപടി സ്വീകരിച്ചുവരുന്നു. |
| ബി) | അടിസ്ഥാന സൗകര്യത്തിന്റെ അപര്യാപ്തത, വിദ്യാഭ്യാസ നിലവാരമില്ലായ്മ എന്നിവ കാരണം കേരളത്തിലെ 8 ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിലും മത്സ്യമേഖലാ വിദ്യാർത്ഥികൾ പഠിക്കുവാൻ വരാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് പകരം ഡേ സ്കോളേഴ്സ്-നെ അഡ്മിഷനാക്കാൻ ഉത്തരവിറക്കിയതിൽ വ്യാപക പ്രതിഷേധം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ഇല്ല. |
| സി) | കേരളത്തിലെ എട്ട് ഫിഷറീസ് സ്കൂളുകളേയും ഇന്റർ നാഷണൽ സ്കൂളാക്കാൻ തയ്യാറാകുമോ; വിശദീകരിക്കാമോ? | സി) | കേരളത്തിൽ നിലവിലുളള 10 ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളെയും രാജ്യാന്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ആഫീസർ